## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3512 — 30.01.2014-ലെ മറുപടിക്ക്

### താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടിക്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യൂ | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി ) |
| (എ) | പൊതുഭരണ സർവ്വീസസ്-ഡി വകുപ്പ് 17.12.2013-ൽ പുറപ്പെടുവിച്ച 10139/2013/പൊ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം സെക്രട്ടേറിയറ്റിലെ താൽക്കാലിക ജീവനക്കാരിൽ ആരെയെങ്കിലും സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; ഏതെല്ലാം തസ്തികകളിൽ; ബന്ധപ്പെട്ട എല്ലാ ഉത്തരവുകളുടെയും പകർപ്പുകളും ലഭ്യമാക്കുമോ ; | (എ) യും (ബി) യും | ഇല്ല. പൊതുഭരണ (സർവ്വീസസ്-സി) വകുപ്പിൽ നിന്നാണ് 17.12.2013-ലെ സ.ഉ. (സാധാ.) നം. 10139/2013/പൊ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തി ക്കൊണ്ടുള്ളതല്ല; നിലവിൽ പി.എസ്.സി. നിയമനം വഴിയോ ആശ്രിത നിയമനം വഴിയോ മറ്റോ പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും പ്രൊബേഷൻ പൂർത്തികരിച്ചിട്ടു-ള്ളതുമായ ജീവനക്കാരെ സീനിയോരിറ്റി അനുസരിച്ച് സർവ്വീസിൽ സ്ഥിരപ്പെടുത്തൽ (Confirmation) പ്രഖ്യാപിച്ചു - കൊണ്ടുള്ളതാണ്. ഇവരിൽ ആരും തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ താൽക്കാലികമായോ ദിവസക്കൂലി അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവരല്ല. |
| ബി) | ഇവരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവരെത്ര; നേരിട്ട് നിയമിക്കപ്പെട്ടവരെത്ര; ഇവർ ഓരോരുത്തരും ഏതെല്ലാം തീയതികളിൽ താല്ക്കാലികമായോ ദിവസക്കൂലി അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവരാണ്; വ്യക്തമാക്കാമോ; | | |
| (സി) | ഇവരിൽ ആരെയെങ്കിലും മുൻകാല പ്രാബല്യത്തോടുകൂടി സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ | (സി) യും | സ്ഥിരം തസ്തികകളെന്ന് അംഗീകരിക്കപ്പെട്ടവയിൽ ഒഴിവു വരുന്ന മുറയ്ക്കാണ് അതാതു തീയതി |

| | | | |
|---|---|---|---|
| | ആരെയെല്ലാം ഏതെല്ലാം തീയതികളിൽ; വ്യക്തമാക്കാമോ; | (ഡി) യും | മുതൽ പ്രസ്തുത ഉത്തരവു പ്രകാരം ഓഫീസ് അറ്റൻഡന്റുമാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 16 പ്രകാരമാണ് ഈ രീതിയിൽ സ്ഥിരപ്പെടുത്തൽ (Confirmation) അനുവദിച്ചിട്ടുള്ളത്. പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയവരെയാണ് സീനിയോരിറ്റി അനുസരിച്ച് ഇതിനുവേണ്ടി പരിഗണിച്ചിട്ടുള്ളത്. മേൽ സ്ഥിരപ്പെടുത്തലിനുവേണ്ടി പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല. |
| (ഡി) | സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ് ;എത്ര ദിവസത്തെ സർവ്വീസുണ്ടായിരുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; സ്ഥിരപ്പെടുത്തുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കേണ്ടി വന്നിട്ടുണ്ടായിരുന്നോ; വ്യക്തമാക്കാമോ; | | |
| (ഇ) | ഇക്കാര്യത്തിൽ പൊതുമാനദണ്ഡം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കും അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിട്ടുള്ള നിലയിലുള്ളതാണോ; | (ഇ) യും (എഫ്) ഉം | സർക്കാർ വകുപ്പുകൾക്ക് ബാധകമായിട്ടുള്ള കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 16-ൽ സ്ഥിരപ്പെടുത്തലിനുള്ള മാനദണ്ഡം വ്യക്തമാക്കിയിട്ടുണ്ട്. |
| (എഫ്) | ആയതിനായി പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | | |
| (ജി) | വർഷങ്ങളോളമുള്ള കാത്തിരിപ്പിനു ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരം വകുപ്പുകളിൽ നിയമനം ലഭിച്ച് സർവ്വീസിൽ തുടരുന്നവരെയും ഇപ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; വിശദമാക്കാമോ? | (ജി) | ഇല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരം വകുപ്പുകളിൽ നിയമനം ലഭിക്കുന്നവർക്ക് സ്ഥിരപ്പെടുത്തൽ (Confirmation) അനുവദിക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ